പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 328 09.03.2015-ൽ മറുപടിക്ക്

കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയ്ക്ക് പുതിയ ബസുകൾ

ചോദ്യം

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽ സർവ്വീസ് യോഗ്യമായ ആകെ എത്ര ബസ്സുകളാണുള്ളത്; | (എ) | കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി സബ് ഡിപ്പോയിൽ നിലവിൽ ആകെ 61 ബസ്സുകളാണുള്ളത്. |
| (ബി) | കാലപ്പഴക്കം മൂലം അടുത്ത രണ്ട് വർഷത്തിനകം പ്രസ്തുത ഡിപ്പോയിൽ സർവ്വീസ് യോഗ്യമല്ലാതായി തീരുന്ന എത്രബസ്സുകളാണ് ഉള്ളത്; | (ബി) | മോട്ടോർ വാഹന നിയമപ്രകാരം 15 വർഷം വരെ മാത്രമേ സ്റ്റേജ് കാരിയേജായി സർവീസ് നടത്തുവാൻ കഴിയൂ. ഇപ്രകാരം രണ്ട് വർഷത്തിനകം പതിനഞ്ച് വർഷം തികയുന്ന 15 ബസ്സുകൾ കാഞ്ഞങ്ങാട് ഡിപ്പോയിൽ നിലവിലുണ്ട്. |
| (സി) | സർവ്വീസ് യോഗ്യമല്ലാത്ത പഴയ ബസ്സുകൾക്ക് പകരം പുതിയ ബസ്സുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | പുതിയ ബസ്സുകൾ നിരത്തിലിറിക്കുന്ന മുറയ്ക്ക് സൂപ്പർ ശ്രേണീ വിഭാഗത്തിൽ നിന്നും മാറ്റപ്പെടുന്ന ബസുകൾ പകരം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ